**<u>2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ആവശ്യമായ രേഖകൾ</u>**

1. വിവാഹതീയതിക്ക് 45-ദിവസത്തിനകം വിവാഹം രജിസ്റ്റർ ചെയ്യണം
2. വെള്ളക്കടലാസിൽ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച വിവാഹരജിസ്റ്റാർക്കുള്ള അപേക്ഷ
3. ഓഫീസിൽനിന്നും ലഭിക്കുന്ന 1-ാം നമ്പർ ഫോറം, 2 എണ്ണം ഇംഗ്ലീഷിൽ ഹാജരാക്കുന്ന രേഖ പ്രകാരം പൂരിപ്പിക്കേണ്ടതും (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്സ്പോർട്ട്) , വരന്റെ 1 ഉം വധുവിന്റെ 1 ഉം പാസ്സ്പോർട്ട് സൈസ് ഫോട്ടോ ഇതോടൊപ്പം പ്രത്യേകമായി നൽകേണ്ടതുമാണ്.
4. വയസ്സ് രേഖപ്പെടുത്തുമ്പോൾ വിവാഹ സമയത്ത് പൂർത്തിയായ വയസ്സ് രേഖപ്പെടുത്തണം.
5. വിവാഹ ക്ഷണപത്രിക/വിവാഹ ചടങ്ങിന്റെ ഫോട്ടോ
6. വിവാഹം നടന്ന ഹാൾ/ക്ഷേത്രം/പള്ളി എന്നിവിടങ്ങളിൽവെച്ച് വിവാഹം നടന്നെന്ന് കാണിക്കുന്ന സാക്ഷ്യപത്രം / മത/സമുദായസ്ഥാപനങ്ങളിൽനിന്നുള്ള സർട്ടിഫിക്കറ്റ്.
7. വിവാഹം നടന്നത് വീട്ടിലാണെങ്കിൽ വിവഹസ്ഥലം രേഖപ്പെടുത്തുമ്പോൾ ഡിവിഷൻ നമ്പർ, വീട്ട് നമ്പർ, വീട്ട് പേര് എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓഫീസിൽ നിന്നും ലഭിക്കുന്ന സാക്ഷ്യപത്രത്തിൽ ഡിവിഷൻ കൗൺസിലറെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്..
8. സാക്ഷികളുടെ സാക്ഷ്യപ്പെടുത്തിയ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ കോപ്പി ഹാജരാക്കേണ്ടതാണ്.
9. വിവാഹം നടന്ന് 45 ദിവസം കഴിഞ്ഞ സംഗതിയിൽ ഓഫീസിൽനിന്നും ലഭിക്കുന്ന ഫോറം2 ൽ വാർഡ് മെമ്പറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
10. വിവാഹം നടന്ന് 1 വർഷം കഴിഞ്ഞ സംഗതിയിൽ ഓഫീസിൽനിന്നും ലഭിക്കുന്ന ഫോറം2 ൽ വാർഡ് മെമ്പറുടെയും ഗസറ്റഡ് ഓഫീസറുടെയും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
11. രജിസ്ട്രേഷൻ സമയം രാവിലെ 10 മുതൽ 1 മണി വരെ മാത്രമായിരിക്കുന്നതാണ്.

**NB:-** ഓൺലൈൻ ആയി വിവാഹരജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവർ www.cr.lsgkerala.gov.in എന്ന വെബ്സൈററിൽ അപേക്ഷ സമർപ്പിക്കുക. അപേക്ഷയുടെ പ്രിന്റും ഗസററഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രേഖകളുടെ കോപ്പിയും രജിസ്ട്രേഷൻ സമയത്ത് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.